# പതിമൂന്നാം കേരളനിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 1860** — **16.06.2014 -ലെ മറുപടിക്ക്**

## കൊയിലാണ്ടിയിലെ ആക്രമണങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. ദാസൻ** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ബഹു: ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കൊയിലാണ്ടിയിൽ പൂക്കാട് പ്രദേശത്ത് താമസിക്കുന്ന റെയ്ഡ്കോ മലപ്പുറം ശാഖ മാനേജർ സി.പി.ഐ.(എം) പ്രവർത്തകൻ സുരേഷിനെ ആക്രമിച്ച കേസ്സിൽ പോലീസ് പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടോ എന്നത് വ്യക്തമാക്കുമോ; | (എ) ടി കേസ്സിൽ 5 പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. തിരിച്ചറിഞ്ഞ 2 പ്രതികളെയും തിരിച്ചറിഞ്ഞിട്ടില്ലാത്ത എട്ടോളം പ്രതികളെയും ഇനി അറസ്റ്റ് ചെയ്യുവാൻ ബാക്കിയുണ്ട്. |
| (ബി) പ്രസ്തുത കേസിൽ പോലീസിന്റെ അന്വേഷണം ഫലപ്രദമായി പുരോഗമിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഊർജ്ജിത അന്വേഷണം നടത്തി പ്രതികളെ നിയമത്തിനുമുമ്പിൽ കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കൊയിലാണ്ടി പോലീസ് സ്റ്റേഷൻ ക്രൈം. നമ്പർ 1243/13 എന്ന കേസിൽ 5 പ്രതികളെ അറസ്റ്റ് ചെയ്യുകയും 2 പ്രതികളെ തിരിച്ചറിഞ്ഞിട്ടുള്ളതുമാണ്. തിരിച്ചറിഞ്ഞതുൾപ്പെടെയുള്ള പത്തോളം പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനു വേണ്ടിയുള്ള ഊർജ്ജിത അന്വേഷണം നടത്തി വരികയാണ്. |
| (സി) സമാനമായി പയ്യോളിയിൽ സി.പി.ഐ.(എം) ഏരിയ സെക്രട്ടറി ചന്തുമാസ്റ്ററിന്റെ വീടിന് നേരെ ബോംബെറിഞ്ഞ് കൊലപ്പെടുത്താൻ ശ്രമിച്ച സംഭവത്തിൽ പോലീസ് ഇതുവരെ നടത്തിയ അന്വേഷണത്തിന്റെ പുരോഗതി വിശദമാക്കുമോ; | (സി) സി.പി.ഐ.(എം) ഏര്യാ സെക്രട്ടറി ചന്തുമാസ്റ്ററുടെ വീടിന് ബോംബ് എറിഞ്ഞതായി പരാതി ലഭിച്ചിട്ടില്ല. എന്നാൽ ടിയാന്റെ വീടിന് കല്ലെറിഞ്ഞു എന്ന് രണ്ട് പരാതികൾ ലഭിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് 2 പോലീസ് കേസുകൾ പയ്യോളി പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത് (പയ്യോളി പോലീസ് സ്റ്റേഷൻ ക്രൈം 54/12, 114/14), ഊർജ്ജിത അന്വേഷണം നടത്തിയിട്ടുണ്ട്. ഇതിൽ പയ്യോളി പോലീസ് സ്റ്റേഷൻ ക്രൈം 54/12 എന്ന കേസിൽ പ്രതികളാരെന്ന് നാളിതുവരെയുള്ള അന്വേഷണത്തിൽ വെളിവായിട്ടില്ലാത്തതിനാൽ ടി കേസ് തെളിയേണ്ടും പട്ടികയിൽ ഉൾപ്പെടുത്തി റിപ്പോർട്ട് ബഹു: കോടതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ട്. പയ്യോളി പോലീസ് സ്റ്റേഷൻ ക്രൈം 114/14 എന്ന കേസിൽ കൊയിലാണ്ടി എസ്.ഐ. സാക്ഷികളെ കണ്ടു ചോദിച്ചും |

| | | | |
|---|---|---|---|
| | | | സംശയമുള്ളവരെ ചോദ്യം ചെയ്യും ഊർജ്ജിതമായ അന്വേഷണം നടത്തിവരികയാണ്. നാളിതുവരെയുള്ള അന്വേഷണത്തിൽ പ്രതികളെ തിരിച്ചറിയാൻ സാധിച്ചിട്ടില്ല. |
| (ഡി) | കൊയിലാണ്ടിയിൽ സി.പി.ഐ.(എം) പ്രവർത്തകരെയും നേതാക്കളെയും ആക്രമിച്ചതും വധിക്കാനോ, മാരകമായി പരിക്കേൽപ്പിക്കാനോ ശ്രമിച്ചതുമായ എത്ര കേസ്സുകൾ നിലനിൽക്കുന്നുണ്ട് എന്നത് ക്രൈം നമ്പർ സഹിതം വ്യക്തമാക്കുമോ; | (ഡി) | ഇതുമായി ബന്ധപ്പെട്ട രണ്ട് കേസുകൾ നിലവിലുണ്ട്. കൊയിലാണ്ടി പോലീസ് സ്റ്റേഷൻ ക്രൈം നം. 1243/13, 359/14. |
| (ഇ) | ഈ കേസുകളിൽ എല്ലാം തന്നെ, പോലീസിന്റെ അന്വേഷണം വേണ്ടത്ര സജീവമല്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് നീതി ലഭ്യമാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ ? | (ഇ) | ഇത്തരം ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രസ്തുത കേസുകളിന്മേൽ സമഗ്രമായ അന്വേഷണം തന്നെ നടത്തിവരുന്നുണ്ട്. |

[signature]

**സെക്ഷൻ ഓഫീസർ**